പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 504 06.02.2013 ൽ മറുപടിയ്ക്ക്

## ചേർത്തല ജോയിന്റ് ആർ.റ്റി.ഒ. ഓഫീസിൽ ജീവനക്കാരുടെ കുറവ്

**ചോദ്യം**
ശ്രീ.പി. തിലോത്തമൻ :

**ഉത്തരം**
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേർത്തല ജോയിന്റ് ആർ.റ്റി.ഒ ഓഫീസിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ അനുവദിക്കപ്പെട്ട ഒഴിവുകൾ ചേർത്തലയിലുണ്ടോ എന്ന പറയാമോ; എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകളിൽ നിയമനം നടക്കാത്തത് എന്ന പറയാമോ; | (എ) | ഉണ്ട്.<br>ടി ആഫീസിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളില്ല |
| (ബി) | ജില്ലയിൽ ആർ.റ്റി.ഒ. ഓഫീസുകൾ വിഭജിക്കപ്പെട്ടപ്പോൾ അധികം വന്ന ജീവനക്കാരെ ജോലിഭാരം കൂടതലുള്ള ആർ.റ്റി.ഒ. ഓഫീസുകളിലേയ്ക്ക് വിന്യസിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | മോട്ടോർ വാഹന വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാലും, നിലവിലുള്ള ഓഫീസുകളിൽ അധിക തസ്തികകളോ ജീവനക്കാരോ ഇല്ലാത്തതിനാലും പുതുതായി രൂപീകരിച്ച സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേക്ക് ജീവനക്കാരുടെ പുനർവിന്യാസം നടത്തുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ